ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഗവണ്മെണ്ടിന്റെ അലോചനയിലിരിക്കുകയാണ്. ഡിസ്പെൻസറിയോ ആശുപത്രിയോ വേണ്ടതെന്നു തീരുമാനപ്പെടുത്തിയതിനുശേഷം മാത്രമേ പണി തുടങ്ങുവാൻ നിവൃത്തിയുള്ളു.

CONSERVATOR OF FORESTS

*199. [76] **Sri. K. Ramachandran:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) the period when the covenant entered into between the Government and the present Conservator of Forests lapses;

(*b*) whether Government propose to extend the term of the covenant still further?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**): (*a*) On 1st May 1951.

(*b*) The question will be decided in due course.

അദ്ധ്യാപകന്മാർ

*൨൦൦. (൭൭) ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂറിലേയും കൊച്ചിയിലേയും അദ്ധ്യാപകന്മാരുടെ, പ്രത്യേകിച്ചു് ഗവ: പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്രമത്തിൽ ഇതേവരെയായതൊരു ഏകീകരണവും വരുത്താതിരിക്കുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): വിദ്യാഭ്യാസവിപ്പാർട്ടുമെണ്ടിന്റെ പുനഃസംഘടനാനടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അതു പൂർത്തിയാകുന്നതോടുകൂടി ശമ്പളസമീകരണം നടപ്പിൽ വരുത്തുന്നതാണ്.

RESERVATION OF SEATS FOR EDUCATION OF BACKWARD COMMUNITIES

*201. [79] **Sry. Devaki Gopidas :** Will the Hon'ble Minister for Education be pleased to state.—

(*a*) whether Government have accepted the principle of reservation of seats for Education to Backward Communities for technical courses in the Travancore University;

(*b*) if so what are those courses of study and how much percentage of seats so reserved?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**): (*a*) No.

(*b*) This question does not arise in view of the answer to part (*a*).

ചെറായി കണ്ടക്കടവു ആശുപത്രികൾ

*൨൦൧. (വൃ൨) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ചെറായി കണ്ടക്കടവു ആശുപത്രികളിൽ ശരാശരി ദിവസം എത്ര രോഗികളെ ചികിത്സിക്കുന്നുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജാൻ): കണ്ടക്കടവു ഡിസ്പെൻസറിയിൽ ശരാശരി ഏതു ദിവസം രോഗികളെ ചികിത്സിക്കുന്നുണ്ട്. ചെറായിയിൽ ഡിസ്പെൻസറി ഇല്ല. അയ്യമ്പിള്ളി ഡിസ്പെൻസറിയാണുദ്ദേശിക്കുന്നതെങ്കിൽ അവിടെ ശരാശരി എത്ര രോഗികളെ ചികിത്സിക്കുന്നുണ്ട്.

ടെക്സ്റ്റ് ബുക്കുകൾ

*൨൩൩. (൨൩൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാനത്തിലെ സ്കൂൾഫൈനൽ ഇംഗ്ലീഷ് ടെക്സ്റ്റ് കൊച്ചിക്കും തിരുവിതാംകൂറിനും പ്രത്യേകം രണ്ടുതരത്തിൽ തെരഞ്ഞെടുക്കേണ്ടിവന്ന സാഹചര്യം വിശദമാക്കുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): കൊച്ചിക്കും തിരുവിതാംകൂറിനുമായി സ്കൂൾഫൈനൽ ക്ലാസിലേക്ക് ഇംഗ്ലീഷ് ടെക്സ്റ്റായിഅംഗീകരിച്ച ഒരു പുസ്തകം "Senior Readings in English" (Prose and Poetry) കഴിഞ്ഞ കൊല്ലത്തിൽ കൊച്ചി പ്രദേശത്ത് അഞ്ചാംഫാറത്തിൽ പാഠപുസ്തകമായിരുന്ന എന്നു പിന്നീടറിയാൻ ഇടയായതുകൊണ്ട് അതു തിരുവിതാംകൂറിലേയ്ക്കു മാത്രമായി നിർദ്ദേശിക്കപ്പെടുകയും, കൊച്ചിയിലേയ്ക്ക് "Prose and verse for High schools, Book III" എന്ന പുസ്തകം അംഗീകരിക്കയും ചെയ്തു.

വയോജനവിദ്യാഭ്യാസപദ്ധതി

*൨൩൪. (൨൩൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വയോജനവിദ്യാഭ്യാസപദ്ധതിപ്രകാരം ഏതെല്ലാം ഗ്രാമങ്ങളിൽ ക്ലാസുകൾ തുടങ്ങീട്ടുണ്ട്;

(ബി) ലൈബ്രറി അസോസ്യേഷൻകാരുടെ ഗ്രാൻറിൽനിന്നും നടത്തുന്ന ക്ലാസുകൾക്ക് എത്ര ചിലവു വന്നിട്ടുണ്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പദ്ധതിപ്രകാരം ഒരു സ്ഥലത്തും ക്ലാസ് തുടങ്ങീട്ടില്ല. ഒരു സെൻറർ തുറക്കുന്നതിനു അനുവാദം നൽകീട്ടുണ്ട്. എന്നാൽ വയോജനവിദ്യാഭ്യാസത്തെ പുരസ്കരിച്ചു പല സ്ഥലങ്ങളിലും നിശാപാഠശാലകൾ നടത്തുന്നുണ്ട്.

(ബി) ലൈബ്രറി അസോസിയേഷനു അനുവദിച്ചിട്ടുള്ള ഗ്രാൻറിൽനിന്നും ഇതിലേക്കു യാതൊന്നും ചിലവാക്കുന്നില്ല.

പുതിയ പ്രൈമറി സ്കൂളുകൾ

*൨൩൫. (൨൩൫) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സ്കൂൾ വർഷത്തിൽ എത്ര പ്രൈമറി സ്കൂളുകൾക്ക് പുതുതായി അനുവാദം നൽകിയിട്ടുണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ൨൫.

LIBRARY ARCHIVES Kerala Legislative Assembly